(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വായ്പകളും കടിശ്ശികയും എഴുതിത്തള്ളുന്നതിന് പദ്ധതി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വിവിധ ആവശ്യങ്ങൾക്കായി വായ്പ എടുക്കുകയും സാമ്പത്തിക ബുദ്ധിമുട്ടുകളാൽ വായ്പ തിരിച്ചടക്കാൻ കഴിയാത്തതിനാൽ കടിശ്ശികയുള്ള വായ്പകൾ എഴുതിത്തള്ളണമെന്ന് ആവശ്യപ്പെട്ട് നിരവധി അപേക്ഷകൾ ലഭിക്കുന്നുണ്ട്.

(ബി) സർക്കാർ പ്രഖ്യാപിച്ച മിഷൻ 676 പദ്ധതിയുടെ ഭാഗമായി പട്ടികജാതി വിഭാഗത്തിപ്പെട്ടവർ, സഹകരണ സ്ഥാപനങ്ങൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവയിൽ നിന്നും എടുത്തിട്ടുള്ള ഒരു ലക്ഷം വരെയുള്ളതും 31-3-2010-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കടിശ്ശികയായിട്ടുള്ളതുമായ വായ്പകൾ എഴുതി തള്ളുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

പട്ടികജാതി/പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്കായുള്ള കോച്ചിംഗ് സെന്ററുകൾ

291 (989) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി/പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളെ മത്സരപരീക്ഷകൾക്ക് സജ്ജരാക്കുന്നതിനുള്ള കോച്ചിംഗ്-കം-ഗൈഡൻസ് സെന്ററുകൾ സംസ്ഥാനത്ത് നിലവിൽ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത് ;

(ബി) എത്ര കട്ടികൾ പരിശീലനം നടത്തിവരുന്നു ;

(സി) അതിനായി എത്ര തുകയാണ് അനുവദിച്ചിരിക്കുന്നത് ;

(ഡി) മറ്റ് പിന്നോക്ക സമുദായത്തിൽപ്പെടുന്ന കുട്ടികൾക്ക് ഉപയോഗപ്രദമാകുന്ന രീതിയിൽ ഇതേ മാതൃകയിൽ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഇത്തരം സെന്ററുകൾ ആരംഭിക്കുന്നകാര്യം പരിഗണിക്കുമോ ; വിശദാംശം ലഭ്യമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തിരുവനന്തപുരം, എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിലായി പട്ടികജാതി വകുപ്പിന്റെ കീഴിൽ 4 പി.ഇ.ടി.സി.-കൾ പ്രവർത്തിക്കുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ ഒന്നും പ്രവർത്തിക്കുന്നില്ല.

(ബി) വിവിധ കോഴ്സുകളിൽ ഏകദേശം ആയിരത്തോളം വിദ്യാർത്ഥികൾ പരിശീലനം നടത്തുന്നു. ഇതിൽ 13 പട്ടികവർഗ്ഗ വിദ്യാർത്ഥികളും ഉൾപ്പെടുന്നു.

(സി) 2014-2015 സാമ്പത്തിക വർഷം 69,20,424 രൂപ പട്ടികജാതി വികസന വകുപ്പിൽനിന്നും അനുവദിച്ചിട്ടുണ്ട്.

(ഡി) പരിഗണിച്ചു വരുന്നു.

കുറുങ്ങോട് ഐ.ടി.ഐ.-യിൽ പുതിയ കെട്ടിടം

292 (990) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വികസനവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കൊയിലാണ്ടിയിലെ കുറുങ്ങോട് ഐ.ടി.ഐ.-യിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എ.എസ്. ലഭിച്ച പദ്ധതി സംബന്ധിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളതെന്നും കെട്ടിട നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനായി കേരള കൺസ്ട്രക്ഷൻ കോർപ്പറേഷൻ തലത്തിൽ നടന്നുവരുന്ന നടപടികൾ സംബന്ധിച്ചും വിശദമാക്കാമോ ;

(സി) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കൺസ്ട്രക്ഷൻ കോർപ്പറേഷൻ എം.ഡി.എസ്.സി. ഡെവലപ്മെന്റ് ഡയറക്ടർക്ക് നൽകിയ 29-8-2014-ലെ അപേക്ഷയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly